
മലർവാടി സ്കൂൾ മുറ്റം

# സ്വാതന്ത്ര്യസമര നായകൻമാർ

നമ്മുടെ നാട് വിദേശഭരണത്തിൽ നിന്ന് മോചനം നേടിയതിനുപിന്നിൽ പ്രവർത്തിച്ച രാജ്യസ്നേഹികളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ കൂട്ടുകാർ വായിച്ചല്ലോ. കുറച്ചുപേരെക്കൂടി പരിചയപ്പെടാം.

**രണ്ടാം ഭാഗം**



## കുഞ്ഞലവിയും ലവക്കുട്ടിയും

മലബാർ സമരത്തിൽ ആലിമുസ്‌ലിയാരുടെ ഇരുകൈകളെപ്പോലെ പ്രവർത്തിച്ച ധീരപോരാളികളായിരുന്നു കുഞ്ഞലവിയും ലവക്കുട്ടിയും. തിരൂരങ്ങാടിയിലെ ഖിലാഫത്ത് പ്രവർത്തകരായിരുന്ന ഇവർ സമരത്തിന് നേതൃത്വം കൊടുത്ത് അതുവഴി രക്തസാക്ഷിത്വം വരിച്ചു. കുഞ്ഞലവി മലബാർസമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റനും ലവക്കുട്ടി സെക്രട്ടറിയുമായിരുന്നു.

തിരൂരങ്ങാടിയിൽ ആലിമുസ്‌ലിയാരുടെ നേതൃത്വത്തിൽ ഭരണം നടന്ന നാളുകളിൽ ലവക്കുട്ടി മന്ത്രിയും കുഞ്ഞലവി സൈന്യാധിപനുമായി. ലവക്കുട്ടിക്ക് അന്ന് 35 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ആഗസ്റ്റ് 20-ന് തിരൂരങ്ങാടിയിൽ വെച്ചുണ്ടായ സംഘട്ടനത്തിൽ മിസ്റ്റർ ജോൺസനെയും മിസ്റ്റർ റൗളിനെയും വധിച്ചത് കുഞ്ഞലവിയായിരുന്നു.

**ലോകാരോഗ്യ സംഘടനാ അധ്യക്ഷയായ ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി - രാജ്കുമാരി അമൃത് കൗർ**

## മധുരമായ പ്രതികാരം

ജാലിയൻവാലാബാഗ് കൂട്ടക്കൊലക്ക് പ്രതികാരം ചെയ്യാൻ ഓരോ ഇന്ത്യക്കാരന്റെയും മനസ്സ് നീറിപ്പുകയുന്ന കാലം. ആ ധീരകൃത്യത്തിനായി ഒരു യുവാവ് ഒരുങ്ങിപ്പുറപ്പെട്ടു- ഉദ്ദംസിംഗ്. തോക്കിൽ തിരനിറച്ച് അദ്ദേഹം തക്കം പാർത്തുനിന്നു. ലണ്ടനിലെ കാക്സ്റ്റൺ ഹാളിൽ നടന്ന ഈസ്റ്റിന്ത്യാ അസോസിയേഷന്റെ യോഗത്തിൽ പ്രഭാഷണം നടത്തിയ ശേഷം ഇരിക്കാൻ തുടങ്ങിയ മൈക്കൽ ഒഡയറെ സദസ്സിന്റെ മുമ്പിൽ ഭിത്തിയിൽ ചാരിനിന്ന ഉദ്ദം വെടിവെച്ചുകൊല്ലുകയായിരുന്നു. 1940 മാർച്ച് 13-നായിരുന്നു ഇത്.




ആഗസ്റ്റ് 30-ന് ബ്രിട്ടീഷ് പട്ടാളം പള്ളി വളഞ്ഞപ്പോൾ 150 അടി താഴെയുള്ള പട്ടാളത്തിന്റെ മധ്യത്തിലേക്ക് ചാടിവീണ് ഇവർ രണ്ടുപേരും വാളും കത്തിയുമായി പട്ടാളത്തെ നേരിട്ടു. എന്നിട്ടും ഇവരെ പിടിക്കാൻ പട്ടാളത്തിനു കഴിഞ്ഞില്ല. അവസാനം 1921 ഡിസംബർ 21-ന് കണ്ണമംഗലത്തുവെച്ചുണ്ടായ ഒരു ഘോര സംഘട്ടനത്തിലാണ് കുഞ്ഞലവി മരിച്ചുവീണത്. അപ്പോഴും ലവക്കുട്ടി പിടികൊടുത്തില്ല.

## വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി

മലബാർസമര നേതാവും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന കുഞ്ഞഹമ്മദ് ഹാജി 1866-ൽ മലപ്പുറം ജില്ലയിലെ നെല്ലിക്കുത്ത് ജനിച്ചു. മലയാളത്തിനു പുറമെ അറബി, അറബിമലയാളം ഭാഷകൾ പഠിച്ചശേഷം ആലി മുസ്‌ലിയാരിൽനിന്നും മതപഠനം നേടി. പിന്നീട് കച്ചവടരംഗത്തേക്ക് തിരിഞ്ഞു. കാളവണ്ടിക്കാരനായും ജോലിചെയ്തു.

1894-ൽ മണ്ണാർക്കാട് ലഹളയിൽ പങ്കെടുത്തതിന് ഇദ്ദേഹത്തിന്റെ പിതാവിനെയും ബന്ധുവിനെയും പട്ടാളം അന്തമാനിലേക്ക് നാടുകടത്തിയിരുന്നു. ഇത് ഹാജിയെ കൂടുതൽ ബ്രിട്ടീഷ് വിരോധിയാക്കി. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ നാട്ടിലെ പ്രഭുക്കളെയും പണ്ഡിതൻമാരെയും പ്രേരിപ്പിച്ചുകൊണ്ടുള്ള കത്തെഴുതിയതിന് പോലീസ് അറസ്റ്റുചെയ്യാൻ

**തമിഴ്നാട്ടിലൂടെ മാത്രം പ്രവേശിക്കാൻ കഴിയുന്ന കേരളത്തിലെ വന്യജീവി സങ്കേതം - പറമ്പിക്കുളം**



ശ്രമിച്ചു. എന്നാൽ ഹാജി വേഷപ്രച്ഛന്നനായി മക്കയിലേക്ക് കടന്നു.

മൂന്നുവർഷത്തിനുശേഷം നാട്ടിലെത്തിയെങ്കിലും 1916-ൽ മലബാർ കലക്ടർ ഇന്നസിനെ പതിയിരുന്ന് കൊലപ്പെടുത്താൻ ശ്രമിച്ചെന്ന പേരിൽ അറസ്റ്റിലായി. സംശയത്തിന്റെ ആനുകൂല്യത്തിൽ വിട്ടയച്ചു.

ഖിലാഫത്ത് പ്രസ്ഥാനം ശക്തിയാർജിച്ചപ്പോൾ കുഞ്ഞഹമ്മദ് ഹാജി അതിൽ സജീവമായി. ആലിമുസ്‌ലിയാർ, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ, എം.പി നാരായണമേനോൻ തുടങ്ങിയവർ പ്രസ്ഥാനത്തിൽ സഹപ്രവർത്തകരായിരുന്നു. ബന്ധുവും പണ്ഡിതനുമായ ആലിമുസ്‌ലിയാരെ നേതാവായി സ്വീകരിച്ചു.

1921 ആഗസ്തിൽ തിരൂരങ്ങാടിയിൽ പട്ടാളം നരനായാട്ട് നടത്തിയതോടെ ഹാജി മലബാർ സമരത്തിൽ പരസ്യമായി രംഗത്തെത്തി. ബ്രിട്ടീഷ് പട്ടാള ഭീഷണിയിലായ ആലിമുസ്‌ലിയാരെ സഹായിക്കാൻ ആനക്കയത്തുനിന്ന് ആറായിരത്തിലധികം ആയുധധാരികളായ അനുയായികളുമായി ചെന്ന ഹാജി ബ്രിട്ടീഷുകാർക്ക് ഭീഷണിയായി.

കലാപം പൊട്ടിപ്പുറപ്പെട്ടതോടെ ഹാജി നാട്ടുരാജാവായി. ബ്രിട്ടീഷ് പക്ഷത്തുനിന്ന ഖാൻ ബഹാദൂർ ചേക്കുട്ടിയെ കൊന്ന് സ്ഥാനാരോഹണം നടത്തി. രോമത്തൊപ്പി, ഖിലാഫത്ത് യൂണിഫോമും ബാഡ്ജും, കൈയിൽ ഒരു വാൾ ഇതായിരുന്നു വേഷം.

മലബാർ വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിൽ ബ്രിട്ടീഷുകാർ അടിച്ചമർത്തൽ ശക്തമാക്കിയപ്പോൾ ഹാജിയും സംഘവും ഗറില്ലാ യുദ്ധമുറ സ്വീകരിച്ചു. ഒറ്റ രാത്രികൊണ്ട് 75 ഗൂർഖകളെ കൊന്നൊടുക്കി. പാണ്ടിക്കാട്ടെ പട്ടാളക്യാമ്പും ഗൂഡല്ലൂർ പോലീസ് സ്റ്റേഷനും ആക്രമിച്ചു. സർവേ ഓഫീസ്, പോസ്റ്റോഫീസ് എന്നിവയും പിടിച്ചടക്കി.

അതിനിടെ ചെമ്പ്രാശ്ശേരി തങ്ങളും സംഘവും കീഴടങ്ങിയെങ്കിലും പോരാടി മരിക്കാനായിരുന്നു ഹാജിയുടെ തീരുമാനം. എന്നാൽ ബ്രിട്ടീഷ് പട്ടാളം അദ്ദേഹത്തെ വധിക്കാൻ കെണിയൊരുക്കി. ഹാജിയോടടുപ്പമുള്ള പോലീസുകാർ വഴി, കീഴടങ്ങിയാൽ മക്കയിലേക്ക് നാടുകടത്തുകയേ ഉള്ളൂ എന്ന് ഉറപ്പുനൽകി.

1922 ജനുവരി 6-ന് ഹാജിയും 20 അംഗ രക്ഷകരും ആയുധം വെച്ച് കീഴടങ്ങാൻ ഹസ്തദാനത്തിനായി കൈനീട്ടിയപ്പോൾ വാഗ്ദാനം ലംഘിച്ച് പോലീസ് കൈവിലങ്ങിടുകയായിരുന്നു. മാർഷ്യൽ കോടതി വധശിക്ഷ വിധിച്ചു. ജനുവരി 20-ന് രാവിലെ മലപ്പുറം കോട്ടക്കുന്നിൽ വെച്ച് ശിക്ഷ നടപ്പാക്കി.

## ഉദ്ദംസിംഗ്



ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് നേതൃത്വം കൊടുത്ത ജനറൽ മൈക്കൽ ഒ. ഡയറെ ലണ്ടനിൽ ചെന്ന് വെടിവെച്ചുകൊന്ന ധീരനാണ് ഉദ്ദംസിംഗ്. 1899 ഡിസംബർ 26-ന് പഞ്ചാബിലെ സുനാമിൽ ജനിച്ചു. മാതാപിതാക്കളുടെ അകാലചരമം മൂലം അനാഥനായിത്തീർന്ന ഉദ്ദം അനാഥാലയത്തിലാണ് വളർന്നത്. 19-ാം വയസ്സിൽ അനാഥാലയം വിട്ടു.

1919 ഏപ്രിൽ 13-ന് ജാലിയൻവാലാബാഗിലെ യോഗത്തിൽ പങ്കെടുത്തു. സമാധാനപൂർവം ഒത്തുചേർന്ന ജനക്കൂട്ടത്തിനു നേരെ ജനറൽ മൈക്കൽ എഡ്വേർഡ് ഡയറുടെ പട്ടാളം നിറയൊഴിച്ചു. ഈ സംഭവം ഉദ്ദംസിംഗിനെ ബ്രിട്ടീഷ് വിരോധിയാക്കി മാറ്റി. കൂട്ടക്കൊലയിൽ പരിക്കുപറ്റി രക്ഷപ്പെട്ട ഉദ്ദം

**കേരളത്തെ കോയമ്പത്തൂരുമായി ബന്ധിപ്പിക്കുന്ന ചുരം- പാലക്കാട് ചുരം**

തുടർന്ന് അമേരിക്കയിൽ പോയി ആയുധപരിശീലനം നേടി തിരിച്ചെത്തി.

അമൃതസറിലേക്ക് മടങ്ങുന്നതിനിടെ അറസ്റ്റിലായി. അഞ്ചു വർഷത്തെ ജയിൽശിക്ഷക്ക് വിധേയനായി. ജയിൽ മോചിതനായ ശേഷം ജന്മനാടായ സുനാമിലും പോലീസ് പീഡനം തുടർന്നപ്പോൾ അമൃതസറിലേക്ക് പോയി. അവിടെയൊരു കട നടത്തി. ആ കടയ്ക്ക് വെച്ച സൈൻബോർഡിൽ ഇങ്ങനെ എഴുതിയിരുന്നു: റാം മുഹമ്മദ് സിംഗ് ആസാദ്.


ഭഗത്സിംഗിന്റെ സമരരീതിയിൽ ആകൃഷ്ടനായ ഉദ്ദംസിംഗ് നീണ്ട യാത്രക്കു ശേഷം ഇംഗ്ലണ്ടിൽ എത്തിച്ചേർന്നു. ജാലിയൻവാലാബാഗ് കൂട്ടക്കുരുതിക്ക് നേതൃത്വം നൽകിയ മൈക്കൽ ഡയറെ വകവരുത്തുകയായിരുന്നു ലക്ഷ്യം. അവിടെയെത്തി ഡയറെ വെടിവെച്ചു കൊന്നു. 1940 ജൂൺ 4-ന് കേന്ദ്ര ക്രിമിനൽ കോടതിയിൽ വിചാരണക്കായി ഹാജറാക്കി. ജഡ്ജി പേരു ചോദിച്ചപ്പോൾ ദേശസ്നേഹിയായ ഉദ്ദം വിളിച്ചുപറഞ്ഞു:

''റാം മുഹമ്മദ് സിംഗ് ആസാദ്''

''റാം എന്നാൽ ഹിന്ദു, മുഹമ്മദ് എന്നാൽ മുസൽമാൻ, സിംഗ് എന്നാൽ സിക്കുകാരൻ, ആസാദ് എന്നാൽ സ്വാതന്ത്ര്യം. ഞാനിവിടെ നിൽക്കുന്നത് വിവിധ മതസ്ഥരടങ്ങുന്ന ജനകോടികളെ പ്രതിനിധീകരിച്ചുകൊണ്ടാണ്.''

1940 ജൂലൈ 31-ന് ലണ്ടനിലെ പെന്റോൺവെൽ ജയിലിൽ തൂക്കിലേറ്റി. മുപ്പതു വർഷത്തിനു ശേഷം ഭൗതികാവശിഷ്ടം ദേശീയ ബഹുമതികളോടെ ഇന്ത്യയിൽ സംസ്കരിച്ചു.

## ചന്ദ്രശേഖർ ആസാദ്




ഭഗത്സിംഗിന്റെ ഉറ്റസുഹൃത്തായ മറ്റൊരു വിപ്ലവകാരിയായിരുന്നു ചന്ദ്രശേഖർ ആസാദ്. 1906 ജൂലൈ 23-ന് മധ്യപ്രദേശിലെ ജാബുവയിൽ ജനിച്ചു. വിദ്യാർഥി ആയിരിക്കുമ്പോൾതന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായി. അറസ്റ്റ് ചെയ്യപ്പെട്ട ചന്ദ്രശേഖറോട് കോടതി പേരു ചോദിച്ചപ്പോൾ ഉച്ചത്തിൽ പറഞ്ഞു: 'ആസാദ്' (സ്വതന്ത്രൻ).

ഈ ധിക്കാരത്തിന് 14 വയസ്സു മാത്രം പ്രായമായ പ്രതിക്ക് 50 അടി ശിക്ഷയായി ലഭിച്ചു. അതോടെ 'ആസാദ്' എന്ന പേര് വന്നു.

1922-ൽ ആസാദ് 'ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി' എന്ന രഹസ്യ സംഘടനയിൽ ചേർന്നു. ലാലാ ലജ്പത് റായിയെ തല്ലിക്കൊന്ന ബ്രിട്ടീഷ് ഓഫീസറായ സാൻഡേഴ്സന്റെ വധം, ട്രെയിനിലെ ഖജനാവു കൊള്ള, വൈസ്രോയിയുടെ ട്രെയിൻ ബോംബു വെച്ചു തകർക്കൽ ഇങ്ങനെ സാഹസിക വിപ്ലവ പ്രവർത്തനങ്ങളുടെ പരമ്പര തന്നെ ആസാദ് ഏറ്റെടുത്തു.

1931 ഫെബ്രുവരി 17-ന് അലഹബാദിലെ ആൽഫ്രെഡ് പാർക്കിൽവച്ച് പോലീസുമായുള്ള ഏറ്റുമുട്ടലിൽ രക്തസാക്ഷിത്വം വരിച്ചു. ആരോ ഒറ്റിക്കൊടുത്തതിന്റെ ഫലമായിരുന്നു ആ ദുരന്തം. ആ പാർക്ക് ഇന്ന് ദേശീയസ്മാരകമാണ്.

## രാജ് ഗുരു



മഹാരാഷ്ട്രയിലെ പൂണെ ജില്ലയിലെ ഖേഡിൽ ഒരു ബ്രാഹ്മണകുടുംബത്തിലാണ് ശിവ്റാം ഹരി രാജ് ഗുരു ജനിച്ചത്. നന്നെ ചെറുപ്പത്തിൽത്തന്നെ മത പഠനത്തിനായി കാശിയിലെത്തി. യുവാവായപ്പോൾ കാശിയിലെ വിപ്ലവസംഘത്തിൽ ചേർന്നു. എന്തുവിലകൊടുത്തും ഇന്ത്യയെ സ്വതന്ത്രമാക്കുകയെന്ന ഒരു ചിന്ത മാത്രമായിരുന്നു അക്കാലത്ത് രാജ് ഗുരുവിന്റെ മനസ്സിൽ. ചന്ദ്രശേഖർ ആസാദ്, ഭഗത്സിംഗ് എന്നിവരുമായി വളരെ അടുപ്പത്തിലായിരുന്നു.

ഉത്തർപ്രദേശും പഞ്ചാബുമായിരുന്നു അവരുടെ മുഖ്യ പ്രവർത്തനകേന്ദ്രം. ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ പാർട്ടിയെന്നായിരുന്നു സംഘടനയുടെ പേര്. ആ പാർട്ടിയിലെ ഗൺമാനായി രാജ് ഗുരു അറിയപ്പെട്ടു. ഉന്നം തെറ്റാതെ വെടിവെക്കാൻ മിടുക്കനായിരുന്നതുതന്നെ കാരണം. സൈമൺ കമ്മീഷനെതിരായ മാർച്ചിൽ ലാലാ ലജ്പത്റായിക്ക് പോലീസ് മർദ്ദനമേൽക്കുകയും തുടർന്നു മരിക്കുകയും ചെയ്തതാണ് ഭഗത്സിംഗ് സംഘത്തിൽ പെട്ട വിപ്ലവകാരികളെ ഏറെ അരിശം പിടിപ്പിച്ച സംഭവം. ഇതിന് അവർ പല വിധത്തിലും പ്രതികാരംചെയ്തു. പോലീസ് ആക്രമണത്തിന് നേതൃത്വം നൽകിയ സൂപ്രണ്ട് ആയ സ്കോട്ടിനെയും ലാത്തിച്ചാർജിന് കാരണക്കാരനായ ഡെ

കേരളത്തിലെ ഏറ്റവും ഉയരമുള്ള വിളക്കുമാടം- തങ്കശ്ശേരി വിളക്കുമാടം (കൊല്ലം)

പ്യൂട്ടി സൂപ്രണ്ട് സാഡേഴ്സനെയും വധിക്കുകയാണ് അവർ ചെയത കൃത്യങ്ങളിലൊന്ന്.

ചന്ദ്രശേഖർ ആസാദ്, ഭഗത്സിംഗ്, രാജ്ഗുരു, ജയ് ഗോപാൽ എന്നിവരാണ് ആ ദൗത്യം ഏറ്റെടുത്തത്. അതവർ ഭംഗിയായി നിർവഹിക്കുകയും ചെയ്തു. 1929 സെപ്റ്റംബർ 30- ന് പൂനെയിൽ വെച്ച് രാജ് ഗുരുവിനെ അറസ്റ്റു ചെയ്തു. 1930 ഒക്ടോബർ 7-ന് ഭഗത്സിംഗ്, സുഖ്ദേവ്, രാജ് ഗുരു എന്നിവരെ തൂക്കിക്കൊല്ലാൻ വിധിച്ചു. 1931 മാർച്ച് 23 വൈകുന്നേരം ലാഹോർ ജയിലിൽവെച്ച് അവർ മൂവരെയും തൂക്കിക്കൊന്നു.

## വസുദേവ് ബൽവന്ത് ഫാത്കെ




വിദേശനിർമിത ഉൽപന്നങ്ങൾക്കെതിരെ ഇന്ത്യയിൽ ആദ്യമായി ശബ്ദമുയർത്തിയ ദേശാഭിമാനിയാണ് വസുദേവ്. പൂണെയിലെ മിലിട്ടറി അക്കൗണ്ട്സ് ഓഫീസിലെ ഗുമസ്തനായിരുന്നു ഇദ്ദേഹം. ഇംഗ്ലീഷുകാരനെ എവിടെക്കണ്ടാലും ഇന്ത്യക്കാരൻ തലപ്പാവ് അഴിച്ചു സലാം വെക്കുകയും തലതാഴ്ത്തി അഭിവാദ്യം ചെയ്യുകയും വേണം എന്നായിരുന്നു അന്നത്തെ നിയമം. എന്നാൽ ഫാത്കെ അതനുസരിക്കാൻ തയാറായില്ല. ഒരിക്കൽ അതിന്റെ പേരിൽ കുപിതനായ മേലധികാരി ഫാത്കെയെ മുഖത്ത് അടിച്ചു. ഫാത്കെ വിട്ടുകൊടുത്തില്ല. തിരിച്ചങ്ങോട്ടും കൊടുത്തു ഊക്കനൊരടി മേലധികാരിക്ക്.

ഓഫീസ് വിട്ടിറങ്ങിയ വസുദേവ് ഒളിപ്പോരാളിയായി. പിന്നീട് പട്ടാളം പിടികൂടി യമനിലെ ഏദനിലേക്ക് നാടുകടത്തി. 'ഇന്ത്യൻ റിപ്പബ്ലിക്' എന്ന ആശയം ആദ്യമായി പ്രകാശിപ്പിച്ച ഇന്ത്യക്കാരനാണ് ഫാത്കെ.



## മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്

1921-ലെ മലബാർ കലാപകാലത്ത് ബ്രിട്ടീഷുകാരുടെ കൊടിയ മർദനങ്ങൾ സഹിക്കേണ്ടിവന്ന നേതാവായിരുന്നു മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്. ജന്മദേശമായ ചെർപ്പുളശ്ശേരി മുതൽ പട്ടാമ്പി വരെ ഒരു കുതിരയുടെ പിന്നാലെ കെട്ടിവലിച്ചാണ് അദ്ദേഹത്തെ അറസ്റ്റുചെയ്തു കൊണ്ടുപോയത്.

ഏറെ കാലം വിവിധ ജയിലുകളിൽ കഴിഞ്ഞു. ഖിലാഫത്ത് സമരവുമായി സഹകരിച്ചതിനാൽ സ്വസമുദായത്തിൽനിന്നുപോലും അദ്ദേഹത്തെ ഭ്രഷ്ട് കൽപിച്ചു പുറംതള്ളുകയുണ്ടായി. മലബാർ കലാപത്തെക്കുറിച്ച് നിഷ്പക്ഷമായി വിലയിരുത്തി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട് ഇദ്ദേഹം.

*തയ്യാറാക്കിയത്:* ***എം.സി.യു***



# പ്രകാശ സഞ്ചാരം

പ്രകാശത്തിന് സഞ്ചരിക്കാൻ ഒരു മാധ്യമം ആവശ്യമില്ല. പ്രകാശം ഏറ്റവും സാവധാനം സഞ്ചരിക്കുന്നത് വജ്രത്തിലൂടെയും ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്നത് ശൂന്യതയിലൂടെയുമാണ്.

**കേരളത്തിൽ ഏറ്റവുമധികം പോസ്റ്റാഫീസുകളുള്ള ജില്ല- തൃശൂർ**